SPEAKER



# A.C. JOSE

Shri A.C. Jose, who adorned the seat of the Speaker in the sixth Kerala Legislative Assembly was an Advocate, Journalist, Trade Unionist and Political Leader. Born on May 9, 1937 as the son of Shri A.C. Chacko and Smt. Mary Chacko at Edapally in Ernakulam District, Shri A.C. Jose, a B.Sc., LL.M. degree holder, had his education at St. Albert's College, Ernakulam, Government Law College, Ernakulam and Department of Law, Kerala University. Like many other prominent leaders down the years, he too entered the political fray through student politics.

Before becoming a Member of the Kerala Legislative Assembly, Shri A.C. Jose was instrumental in the formation of the Kerala Students Union and served as its General Secretary and President during the period 1959-63. During 1963-65 he was

member of the National Executive of the Indian Youth Congress. He was also the Vice President of Kerala Pradesh Congress Committee.

A prominent trade unionist, Shri A.C. Jose was the elected leader of trade unions of almost all major industries as well as the National Shipping Board. A member of the Municipal Corporation Council of Cochin during 1969-78, Shri A.C. Jose made a remarkable stint as the Mayor during 1972-73 and was the youngest Mayor of India at that time.

In 1980, Shri A. C. Jose became a Member of the sixth Kerala Legislative Assembly from Parur Constituency. He was elected as the Speaker of the Assembly on February 3, 1982 and he held the post till June 23, 1982.

Subsequently, he was elected to the seventh Kerala Legislative Assembly through a by-election held on May 22, 1984 from Parur. While serving as Member of Kerala Legislative Assembly, Shri Jose had also served as Chairman of Privileges Committee (1986-87) and the Estimates Committee (twice during 1984-87). In 1996, he was elected as a member of the 11th Lok Sabha.

During 1996-98, while serving as a Member of Parliament, Shri A.C. Jose was also Member of several committees, the Privileges Committee (1996-97), Committee on External Affairs (1997-98) (two terms) and Consultative Committee, Ministry of Commerce (1997-98). After getting re-elected to the 12th Lok Sabha in 1998, Shri A.C. Jose served as member of the Executive Committee, CPP, Committee on Transport and Tourism, Joint Committee on Salaries and Allowances of Members of Parliament and Consultative Committee, Ministry of Tourism. Getting elected yet again in 1999 to the 13th Lok Sabha, Shri A.C. Jose was Member of Committee on Industry (1999-2000) and Consultative Committee, Ministry of Chemicals and Fertilizers (2000-04). Shri A.C. Jose was also a Member of the official delegation of Government of India to the UN in 1996 and 1998.

Shri A.C. Jose also served as the Managing Editor of the Veekshanam Daily and later was its Chief Editor, who published many relevant articles for several years.

A lover of sports who was instrumental in organising several sports events in the State, Shri A.C. Jose was also the President of the Kerala Sports Council during 1982-87. He was Member of the official delegation not only to the Los Angeles Olympics but also to several Asian Games.

Prof. Leelamma Jose was his wife and they have three sons and a daughter.

Shri A.C. Jose expired on January 23, 2016. The Assembly paid homage to him on February 8, 2016.

സ്പീക്കർ



# എ. സി. ജോസ്

അഭിഭാഷകൻ, പത്രപ്രവർത്തകൻ, ട്രേഡ് യൂണിയൻ പ്രവർത്തകൻ, രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച ശേഷമാണ് ശ്രീ. എ. സി. ജോസ് കേരളനിയമസഭയുടെ അദ്ധ്യക്ഷ പദവിയിലെത്തിയത്. 1937 മേയ് 9-ാം തീയതി എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ശ്രീ. എ. സി. ചാക്കോയുടെയും ശ്രീമതി മേരി ചാക്കോയുടെയും മകനായി അദ്ദേഹം ജനിച്ചു. എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും ഗവൺമെന്റ് ലോ കോളേജിലും കേരള സർവ്വകലാശാലയുടെ ലോ ഡിപ്പാർട്ടുമെന്റിലും വിദ്യാഭ്യാസം പൂർത്തിയാക്കിയ ശ്രീ. എ. സി. ജോസ്, ബി. എസ്‌സി., എൽഎൽ.എം. ബിരുദം കരസ്ഥമാക്കി. മറ്റു പല നേതാക്കന്മാരെപ്പോലെ അദ്ദേഹവും വിദ്യാർത്ഥി പ്രസ്ഥാനത്തി

ലൂടെയാണ് രാഷ്ട്രീയ രംഗത്തേക്കു കടന്നു വന്നത്. നിയമസഭയിൽ അംഗമാകുന്നതിനുമുമ്പ് കേരള സ്റ്റുഡന്റ്സ് യൂണിയന്റെ രൂപീകരണത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുകയും 1959-63 കാലയളവിൽ പ്രസ്തുത സംഘടനയുടെ ജനറൽ സെക്രട്ടറിയും പ്രസിഡന്റുമായി പ്രവർത്തിക്കുകയും ചെയ്തു. 1963-65 കാലയളവിൽ അദ്ദേഹം യൂത്ത് കോൺഗ്രസ്സിന്റെ ദേശീയ നിർവ്വാഹകസമിതിയിൽ അംഗമായിരുന്നു.

തൊഴിലാളി സംഘടനാ പ്രവർത്തനത്തിൽ മികവു പുലർത്തിയ ശ്രീ. എ. സി. ജോസ്, നാഷണൽ ഷിപ്പിംഗ് ബോർഡ് പോലെയുള്ള നിരവധി വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളിൽ നേതൃസ്ഥാനമലങ്കരിച്ചു. 1969-78 കാലയളവിൽ കൊച്ചി നഗരസഭാ കൗൺസിലറായിരുന്ന ശ്രീ. എ. സി. ജോസ് 1972-73 കാലയളവിൽ മേയറായും സേവനമനുഷ്ഠിച്ചു. അന്ന് അദ്ദേഹം രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മേയറായിരുന്നു.

1980-ൽ പറവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം ആറാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1982 ഫെബ്രുവരി 3-ാം തീയതി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും 1982 ജൂൺ 23-വരെ ആ പദവിയിൽ തുടരുകയും ചെയ്തു. അതിനു ശേഷം 1984 മേയ് 22-ാം തീയതി പറവൂർ നിയോജകമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയം വരിച്ചുകൊണ്ട് അദ്ദേഹം ഏഴാം കേരളനിയമസഭയിലംഗമായി. 1986-87 കാലയളവിൽ പ്രിവിലേജസ് കമ്മിറ്റിയുടെയും 1984-87 കാലയളവിൽ രണ്ടു ഘട്ടങ്ങളിലായി എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെയും അദ്ധ്യക്ഷനായിരുന്നു. 1996-ൽ അദ്ദേഹം പതിനൊന്നാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1996-98 കാലയളവിൽ പാർലമെന്റംഗമായിരിക്കുമ്പോൾ പല കമ്മിറ്റികളിലും അംഗമായിരുന്നു അദ്ദേഹം. 1996-97 കാലയളവിൽ പ്രിവിലേജസ് കമ്മിറ്റിയിലും 1997-98 കാലയളവിൽ രണ്ടു ഘട്ടങ്ങളായി വിദേശകാര്യ സമിതിയിലും വാണിജ്യ മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും അദ്ദേഹം പ്രവർത്തിച്ചു. 1998-ൽ പന്ത്രണ്ടാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. സി. ജോസ്, സി.പി.പി. യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗതാഗതവും വിനോദസഞ്ചാരവും സംബന്ധിച്ച സമിതി, പാർലമെന്റംഗങ്ങളുടെ ശമ്പളവും ബത്തകളും സംബന്ധിച്ച സംയുക്തസമിതി, ടൂറിസം മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവയിൽ അംഗമായി. 1999-ൽ വീണ്ടും അദ്ദേഹം പതിമൂന്നാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു അദ്ദേഹം വ്യവസായം സംബന്ധിച്ച സമിതിയിലും (1999-2000) കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും (2000-04) അംഗമായിരുന്നു. 1996-ലും 1998-ലും അദ്ദേഹം ഐക്യരാഷ്ട്രസഭയിലേക്കുള്ള ഇന്ത്യാഗവൺമെന്റിന്റെ പ്രതിനിധി സംഘത്തിൽ അംഗമായിരുന്നു.

'വീക്ഷണം' ദിനപത്രത്തിന്റെ മാനേജിംഗ് എഡിറ്ററായും പിന്നീട് അതിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുള്ള ശ്രീ. എ. സി. ജോസ് നിരവധി ലേഖനങ്ങളും

സംഭാവന ചെയ്തിട്ടുണ്ട്. കായിക വിഷയങ്ങളിൽ ആഭിമുഖ്യമുണ്ടായിരുന്ന ശ്രീ. എ. സി. ജോസ് നിരവധി കായിക മേളകൾ സംഘടിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. 1982–87 കാലയളവിൽ അദ്ദേഹം കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്നു. ലോസ് ആഞ്ചലസ് ഒളിമ്പിക്സിലും പല ഏഷ്യൻ ഗെയിംസുകളിലും ഔദ്യോഗിക പ്രതിനിധി സംഘാംഗമായിട്ടുണ്ട്. കെ.പി.സി.സി. യുടെ വൈസ് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പ്രൊഫ. ലീലാമ്മ ജോസ് ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് മൂന്ന് പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

ശ്രീ. എ. സി. ജോസ് 2016 ജനുവരി 23-ാം തീയതി അന്തരിച്ചു. 2016 ഫെബ്രുവരി 8-ാം തീയതി നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.